# മൈഥിലി



പാട്ടു പാടുന്നു മുള-
കാടുകളെഴുകുന്നു
കാട്ടു ചോലയെൻ മുന്നിൽ
മുഗ്ധ ലാവണ്യം പോലെ.

എൻ മടിത്തട്ടിൽ പ്രിയ!
നീയുറങ്ങുന്നു ഗാഢം
വിണ്ണിൽ നിന്നടർന്നൊരു
സ്വപ്ന മാധുരി പോലെ.

ഇരുൾ മൂടിയ ദണ്ഡ-
കാരണ്യ തടങ്ങളിൽ
കരളിൽക്കുളിരാർന്ന
രാവുകൾ മറന്നു ഞാൻ.

ചന്ദ്രിക വീഴും മര-
ച്ചാർത്തുകൾക്കിടയിലായ്
പർണ്ണശാലയിൽ വാണ
നാളുകൾ മറന്നു ഞാൻ.

ചിത്രകൂടാർദ്രിക്കുമേൽ
സന്ധ്യകളെഴുതിയ
ചിത്രഭംഗികൾ കണ്ട
രംഗവും മറന്നു ഞാൻ.

എങ്കിലുമിന്നും പ്രിയ-
രാഘവ! മിഴിയട-
ച്ചെൻ മടിത്തട്ടിൽ ത്തന്നെ
നീയുറങ്ങുകയല്ലോ.

സ്മൃതി മാധുര്യങ്ങളേ!
തളരും മിഴികളിൽ
മുത്തമിട്ടീരാവിലെ-
ന്നോർമ്മകളുണർത്തുവാൻ

ഈവന നികുഞ്ജ-
ച്ഛായയിൽ, വാല്മീകി ത-
ന്നാശ്രമ വനികയിൽ
നിങ്ങളെന്തിനു വന്നു?